# പതിമൂന്നാം കേരളനിയമസഭ
# പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 519 24.07.2015 ൽ മറുപടിക്ക്

## എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.സി,കൃഷ്ണൻ | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിന്റെ പ്രവർത്തനം വിശദമാക്കുമോ ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി വിവിധ തലങ്ങളിൽ നടക്കുന്ന ആശ്വാസ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2006-2007 ൽ രൂപം കൊണ്ട പ്രത്യേക സെല്ലാണ് **എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ.** പ്രസ്തുത സെല്ലിൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ കൺവീനറും, സ്ഥലം എം.പി, എം.എൽ.എ മാർ,ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളുമായിരുന്നു. സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ആശ്വാസ പ്രവർത്തനങ്ങൾക്ക് സർക്കാർ 50 ലക്ഷംരൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും, കൂടുതൽ ശക്തമായി പ്രശ്നങ്ങളിൽ ഇടപെടുന്നതിനുമായി എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിന്റെ സ്ഥാനത്ത്, ബഹു.കൃഷി വകുപ്പ് മന്ത്രി ചെയർമാനും, ജില്ലാ കളക്ടർ കൺവീനറും,സ്ഥലം എം.പി, എം.എൽ.എ മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ,തുടങ്ങിയവർ അംഗങ്ങളുമായുള്ള ഒരു ജില്ലാ തല സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടന്നു വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, അവലോകനം,ചെയ്യുന്നതിനുമായി പുനഃസംഘടിപ്പിക്കപ്പെട്ട ജില്ലാതല സെൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട്.<br><br>(മറുപുറം) |

| | | | |
|---|---|---|---|
| (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണമുള്ള ദുരിതാശ്വാസം എന്തൊക്കെയെന്നും അത് ദുരിത ബാധിതർക്കെല്ലാം ലഭ്യമാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ? | (ബി) യും (സി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കുവാനും, സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട താഴെ പ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് ധനസഹായം ഗഡുക്കളായി അനുവദിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.<br>◆ പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപ<br>◆ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ<br>◆ മറ്റ് ശാരിരിക വൈകല്യം ബാധിച്ചവർക്ക് 3 ലക്ഷം രൂപ<br>◆ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ<br>കൂടാതെ കാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്<br>പ്രസ്തുത ധനസഹായത്തിൽ 5 ലക്ഷം രൂപ അനുവദിച്ചവർക്ക് 1.5 ലക്ഷം രൂപ വീതവും 3 ലക്ഷം രൂപ അനുവദിച്ചവർക്ക് ഒരു ലക്ഷം രൂപ വീതവും രണ്ട് ഗഡുക്കളായി അനുവദിച്ച് നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് മനുഷ്യാവകാശ കമ്മിഷൻ ശുപാർശചെയ്ത പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി ആകെ 90.465 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്, ആയത് അർഹരായ എല്ലാവർക്കും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സാന്ത്വനവും,നഷ്ടപരിഹാരവും അർഹരായ എല്ലാവർക്കും ലഭ്യമാക്കിയോ, ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | | |
| (ഡി) | വിക്ടിംസ് സെൽ പ്രതിമാസ യോഗം ചേരുന്നില്ലെന്നും, പുനരധിവാസ-സാന്ത്വന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നില്ലെന്നുമുള്ള പരാതിയെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ? | (ഡി) | ജില്ലാതലസെല്ലിന്റെ ആദ്യ യോഗം 11.05.2013 നാണ് ചേർന്നിരുന്നത്.അതിനു ശേഷം ഏതാനും ചില മാസങ്ങളിലൊഴികെ 21 മാസങ്ങളിൽ യോഗം ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ